KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

# KITE STAR

AMBOOKKAN KOCHU VARKEY MEMORIAL HIGHER SECONDARY SCHOOL

AKMHSS POYYA

TRUE KNOWLEDGE TO EXCELLENCE

little KITEs




# A.K.M.H.S. POYYA



# സന്ദേശം

***പുതുതലമുറക്ക് സാങ്കേതിക പരിജ്ഞാനം***
***നൽകുന്നതിനും, അവ വിരൽത്തുമ്പിൽ എത്തിച്ച്***
***സർഗാത്മകമായ് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി***
***കുട്ടികളുടെ കമ്പ്യൂട്ടർ കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സ്***
***എ . കെ . എം . എച്ച് . എസ് . വളരെയധികം***
***പ്രയത്നിക്കുന്നു.***

***ലിറ്റൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ ആയ '***
***" കൈറ്റ് സ് റ്റാർ " പ്രസിദ്ധീകരിക്കുന്നതിൽ അതിയായ***
***സന്തോഷം അറിയിക്കുന്നു.***
***മാഗസിൻ പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ്***
***അംഗങ്ങൾക്കും അവരെ സഹായിച്ച എല്ലാ ഗുരുഭൂതരും***
***ഈ അവസരത്തിൽ അഭിനന്ദനം അർഹിക്കുന്നു .***
***വിജ്ഞാനം വിരൽത്തുമ്പിൽ എന്ന സന്ദേശം***
***ഉൾക്കൊണ്ട് ഇത്തരം സാങ്കേതിക വിദ്യകൾ ഹൈസ്കൂൾ***
***തലം മുതൽ നൽകുവാൻ സാധിക്കുന്നതിലൂടെ***
***വിദ്യാർത്ഥികളുടെ***
***കഴിവും, അറിവും, അഭിരുചിയും, സർഗാത്മകതയും***
***വളർത്തിയെടുക്കുവാൻ സാധിക്കട്ടെ എന്ന്***
***ആശംസിച്ചുകൊണ്ട്.***

# <u>എഡിറ്റോറിയൽ</u>

മഹാപ്രളയത്തിനു ശേഷം കാലം നമുക്ക് മുന്നിൽ
മിഴിതുറക്കുമ്പോൾ പോയകാലസ്മൃതികൾ
സർഗാത്മകമായി
നിറയാൻ ഇതാ ഒരു വേദി ലിറ്റൽ കൈറ്റ്സ്
മാഗസിൻ.

കുരുന്നു വിരലിലൂടെ തൂലികകൾ ചലിച്ചപ്പോൾ
കഥകളും കവിതകളുമായി മാറി ചിറകുവിരിച്ച്
ലോകവിഹായസ്സിൽ
വിരിക്കാൻ തുടങ്ങിയിരിക്കുന്നു.....

പ്രവർത്തന മണ്ഡലങ്ങളിലൂടെ നാം കൈവരിച്ച
നേട്ടങ്ങൾ,ഈ ഡിജിറ്റൽ മാഗസിനിൽ
സ്വർണലിപികളാൽ
ആലേഖനം ചെയ്യപ്പെട്ടുമ്പോൾ ഓർത്തിരിക്കാൻ
ഒത്തിരി അനർഘ നിമിഷങ്ങൾ ഇതാ ഇവിടെ
നിങ്ങൾക്കുമ്പിൽ......

-എഡിറ്റർ അമേഘ്

# ഉള്ളടക്കം

1. ചിത്രങ്ങൾ
2. കവിതകൾ
3. ചിന്താവിഷയങ്ങൾ
4. കഥകൾ

ALEN K SANGEETH

# *The Dark nig*ht



# Save Nature

# For Our Future

*PRANAV*




# The Sun Rise

ആൽവിൻ ജോസ്




# The Sun Set

നിധിൻ



# The Big Flood of 2018

ജോയൽ ജോസി



# മനസ്സ് തുറന്ന്

തേടുന്നു ഞാൻ നിന്നെ ഇന്നീ
എൻ ഹൃദയമാം വാതിൽ തുറക്കുവാനായ്!

ഓർക്കുന്നു ഞാൻ ഒരു മുല്ലപോൽ
നിൻ സ്നേഹത്തിൻ മൃദുലമാം തലോടൽ
ഞാനെൻ മനസ്സിൽ കാത്തുസൂക്ഷിച്ച രഹസ്യ
നിൻ കണ്ണുകളിൽ മറയുന്നു .
ഒരു കുഞ്ഞു പൂവുപോൽ എല്ലാവർക്കും
മധുരം പകരുവാൻ കഴിയണം എന്ന മോഹമെന്നിൽ
വിരിഞ്ഞീടവേ......

ഇളം കാറ്റിൽ മഞ്ഞുതുള്ളി താഴോട്ട് വീഴുന്നതും കാത്ത്
നിൻ വരവിനായ് ഞാൻ കാത്തിരിക്കും .
സ്നേഹനൊമ്പരം തഴുകി തലോടിയെൻ
ജീവിതത്തിൻ ഒരു ഭാഗമായ് തീരുമ്പോൾ
ഞാനോർക്കുന്നു നിന്മുഖം....
തീക്കനലായ് എരിയുന്ന പൂക്കുന്നു എൻ ജീവിതം
എന്തിനിനി ഒരു ശവക്കല്ലറയായ്
ഞാൻ മരണമെന്ന സുഹൃത്തായ് ഇന്നും
ഒരു പിടി മണ്ണിലലിയുന്നു.
എന്തിനിനി ഭൂമിയിൽ ശല്ല്യമായ് ഞാനിനി
ഞാനെന്ന ഭാരത്തെ ചവിട്ടിത്താഴ്ത്തുവിൻ
സത്യങ്ങളെ നിങ്ങൾ കൊല്ലുവിൻ എന്നെ
നിങ്ങളാൽ സ്പര്ശനം ഏറ്റുവാങ്ങി ഒന്നു
സന്തോഷിച്ചെങ്കിലും സ്വർഗ്ഗവീതിക്കടുക്കാം.

-ആൽവിൻ

# എൻ കോപം നിന്നോടുള്ള പ്രണയം

കോപിച്ചിരുന്നോരായിരം വട്ട
മെന്തിനെന്ന പോലുമറിയാതെ
അന്ന നമ്മളൊന്നുമുരിയാടാതെ
അകലെ മുഖം മാറിനിന്ന
നിലയ്ക്കും വരെയെൻ മുഖമാകെ
നിറച്ചുവച്ചു ഞാൻ കാർമേഘങ്ങളാൽ

കളിച്ചൊല്ലി കാര്യമായപ്പോൾ
കാലികയറി പരസ്പരം തല്ലി
പിരിഞ്ഞുമാറിനിന്നിട്ടും
പറിച്ചുമാറ്റാതെ വെച്ചൊരു സൗഹൃദം

മടുത്തപ്പോൾ ക്ഷമചോല്ലിയെന്ന്
മധുരമിട്ടായി വാങ്ങി കഴിച്ചും
വാശിയേറി കോപിക്കുമെങ്കിലും
നിന്നോടാണെനിക്ക് പ്രിയം

- അമോഘ്

# ആ മഴക്കാലത്ത്

കദനം നിറഞ്ഞ മനസ്സിൽ
കണ്ണീർ പെരുമഴ
തൊറത്തിരുന്നു



പെരുമഴയത്ത് ഞാനലയുമ്പോൾ
എനിക്കായി കുട നിവർത്തനാരുമില്ല
നനഞ്ഞു കുതിർന്ന മിഴികളുമായി
എവിടേക്കെന്നറിയാതെ
ഞാനലഞ്ഞു



കവാടങ്ങൾ എന്റെ നേരെ
കണ്ണടച്ചു
എനിക്കായ് ഒരാശ്രയവും തന്നില്ല
മനസ്സിൽ പ്രതീക്ഷ കിരണവുമായ്
ഏറെ ദൂരം ഞാൻ നടന്നു
കനവിൻ മഴക്കാലം ഉള്ളിൽ പിടഞ്ഞത്

കാണാതെ യാത്രികർ മിഴിച്ചു നിന്നു
ഒരു കുടയും നിവർന്നില്ലെനിക്കായി
കണ്ണുനീരാരും തുടച്ചില്ല
കലിതുള്ളും മഴയിൽനിന്നെനിക്കായ്     -പ്രണവ്

# അമ്മ



എൻ അമ്മ എനിക്കായ് സമ്മാനിച്ച  ഓർമ്മച്ചെപ്പല്ലോ
ഈ ജീവിതം ഒരു സ്നേഹ സാന്ത്വനമായ് നെഞ്ചിലേറ്റിയ
മനസ്സിന്റെ മെഴുതിരി നാളമായ ജീവിതം
എതോ ഓർമ്മതൻ മൺകുരയിൽ എൻ അമ്മതൻ
നിഴൽ മിനിമാത്തൊരോർമ്മമാത്രം കാലിടറിയപ്പോൾ
ഞാൻ എൻ അമ്മയെ ഓർത്തോർത്തു തേങ്ങിടുന്നു
എൻ മനം വിങ്ങുമ്പോൾ എൻ അമ്മതൻ സ്വരം
എന്റെ വിഷമം മാറ്റിയിടുന്നു

സുന്ദര സുരഭിലമായൊരു അമ്മ ,നയന്ന
മനോഹരമാണീ അമ്മ,  സ്നേഹം നിറക്കും സാക്കരം
അമ്മ,സഹനവും വാൽസല്യവും ഉള്ളൊരു അമ്മ.
കാനന സൗന്ദര്യം കണ്ടു നുകരാൻ അമ്മയുടെ
നന്മ മനസ്സിലാക്കാൻ നമ്മളിൽ നിറയട്ടെ

അമ്മയാണ് ജീവിതം,അമ്മ അമ്മ
തന്നെ,ജീവിതം അങ്ങനെതന്നെ. സ്നേഹം നിറക്കും
എന്നു അമ്മ, അമ്മ അമ്മതന്നെയെല്ലാം. സ്നേഹമാണ്
ജീവിതം, നയന മനോഹരമാണ് അമ്മ, സ്നേഹവും
വത്സല്യവും ഉള്ള അമ്മതൻ, അമ്മതൻ ജീവിതം എത്ര
സുന്ദരം.

ക്രിസ്റ്റീൻ.പി.ടി

# മരമേ മരമേ

മരമേ മരമേ, നീ വാടുമ്പോൾ
മഴയെച്ചെന്നു വിളികാം ഞാൻ
മഴപെയ്യുമ്പോൾ അടിമുടി നീയാ
മഴവെള്ളത്തിൽകുളിരട്ടെ

പാറിതല്ലാരും പൂമ്പാറ്റകയ്യ്
പൂക്കളെ മെല്ലെയുന്നർത്ഥം ഞാൻ
പൂവിലിരുന്അവൾ  പാതിരാക്കാറ്റിൽ
പൂന്തേണ്മതുരം നകട്ടെ

അക്കലേയ്ക്ക്കലേയ്ക്ക്ആകാശത്തെ
അതിരില്ലാതെ വളർത്താം ഞാൻ
പറവകളെല്ലാമൊന്നിച്ചാവിടെ
ചിറകുവിടര്ത്തിപാറട്ടെ!

നമ്മുടെ ഭൂമിനമുക്കെല്ലാർക്കുമൊ-
രമ്മെപ്പോലെന്നൊനാം ഞാൻ
നന്മ നിറഞ്ഞവർ മക്കൾ മുഴുവൻ
തമ്മിൽ തമ്മിൽ പുണരട്ടെ!

ഹാൻസൽ ഒ എം

# എ കെ എം ഹൈ സ്കൂളിന്റെ ചില അനർഘ നിമിഷങ്ങളിലൂടെ













വഞ്ചിപ്പാട്ടിൽ സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടിയ പൊയ്യ എ കെ എം ഹൈസ്കൂൾ ടീം




The true sign of

INTELLIGENCE

Is not knowledge,

BUT

IMAGINATION



A
L
B
E
R
T

E
I
N
S
T
E
I
N

നന്ദിയോടെ ........

ലിറ്റിൽ കൈറ്റ്സ് പൊയ്യ.

